(b) Whether it has come to the notice of the Government that the Central Government has a proposal to increase the pension to half of the last drawn pay;

(c) Whether relief to pensioners to compensate the rise in the cost of living be given;

(d) Whether restoration of the commuted portion of pension to those who survive for more than ten years after commutation be given?

Chief Minister (**Sri. P. K. Vasudevan Nair**): (a) No.

(b) A press report on this has come to the notice of the Government.

(c) Government have already announced D. A. on pension @ 12% of pension subject to a minimum of Rs. 15 and maximum of Rs. 75.

(d) As per the existing rules restoration of original pension after the period of commutation is not permissible.

Sri. M. Ramappa: The Kerala Government have extended to the employees of the State Government almost all the benefits enjoyed by the Central Government employees. So will the same policy be extended as regards the pensioners also?

Sri. P. K. Vasudevan Nair: Sir, we are not in a position to extend all the benefits enjoyed by the Central Government employees. We can give as far as we can go.

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള: മുഴുവൻ പെൻഷൻ കിട്ടുന്നതിനു് സെക്കട്ടേറിയറ്റിലെ ലാ സെക്കട്ടേറിയറ്റ് ജീവനക്കാർ, യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകർ, കോളേജ് അദ്ധ്യാപകർ തുടങ്ങിയ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിഗ്രി ഉള്ളവർക്ക് രണ്ടു കൊല്ലം കുറച്ചുകൊണ്ട് നേരത്തെ ഉത്തരവുണ്ട്. ആ ഉത്തരവ് ഇന്നു നിലവിലുണ്ടോ? പൂർണ്ണ പെൻഷൻ കിട്ടുന്നതിനു പോസ്റ്റ് ഗ്രാഡുവേറ്റ് ഡിഗ്രി അകപ്പെടുന്നവർക്ക് രണ്ടു വർഷം കുറച്ചുകൊടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ കാര്യത്തെ സംബന്ധിച്ച് ഈ സഭയിൽ ഉറപ്പ് പറയാൻ സാദ്ധ്യമല്ല. കൂടുതൽ ആലോചിക്കേണ്ട ഒരു പ്രശ്നമാണ്.

സ്വാതന്ത്ര്യ സമര ഭടൻമാർക്കുള്ള പെൻഷൻ

* 646 [703] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എത്ര സ്വാതന്ത്ര്യ സമരഭടൻമാർക്ക് സംസ്ഥാന പെൻഷൻ നൽകി വരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര പേർക്ക് കേന്ദ്രപെൻഷൻ നൽകി വരുന്നു;

(സി) പെൻഷൻസംഖ്യ എത്ര വീതം;

(ഡി) തമിഴ്നാട് ഗവൺമെൻറ് എത്ര സംഖ്യ നൽകുന്നു;

(ഇ) കേരളാ ഗവൺമെൻറ് പെൻഷൻ തുക 100 രൂപയായി വർദ്ധിപ്പിക്കുമോ;

(എഫ്) ഇവരുടെ പെൻഷൻ ഏതുകൊല്ലം നിശ്ചയിച്ചതാണ്;

(ജി) പെൻഷൻ സംഖ്യ 50 രൂപയിൽനിന്ന് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) 9,536 പേർക്ക്.

(ബി) 2,407 പേർക്ക്.

(സി) സംസ്ഥാന പദ്ധതിപ്രകാരം അൻപത് രൂപ. കേന്ദ്ര പദ്ധതി പ്രകാരം ഇരുനൂറ് രൂപ. ഇത് അന്തരിച്ചുപോയ സ്വാതന്ത്ര്യ സേനാനികളുടെ അനന്തരാവകാശികളുടെ കേസിൽ തുക വ്യത്യാസപ്പെടുന്നതാണ്.

(ഡി) പ്രതിമാസം 75 രൂപ.

(ഇ) നിലവിലുള്ള പെൻഷൻ തുക 75 രൂപയായി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ള സ്ഥിതിക്ക് ഈ ആവശ്യം അംഗീകരിക്കുവാൻ നിർവ്വാഹമില്ല.

(എഫ്) 1971-ൽ.

(ജി) ചോദ്യം 'ഇ' യുടെ മറുപടിയുടെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. സി. എം. സുന്ദരം: മാപ്പിളലഹളയിലും പുന്നപ്ര വയലാർ സമരത്തിലും പെട്ടവർക്ക് ഈ ആനുകൂല്യം നൽകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: കേരള ഗവൺമെൻറ് അവർക്കു വേണ്ട ആനുകൂല്യം നൽകുന്നുണ്ട്. കേന്ദ്ര ഗവൺമെൻറ് ഇവർക്ക് ആനുകൂല്യം അനുവദിച്ചിട്ടില്ല.

ശ്രീ. സി. എം. സുന്ദരം: ഈ കാര്യത്തെക്കുറിച്ച് കേന്ദ്ര ഗവൺമെൻറിൽ ശുപാർശ നൽകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇതിനെക്കുറിച്ച് നിരവധി പ്രാവശ്യം കേന്ദ്ര ഗവൺമെൻറിൽ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ഇന്നും അതിനെക്കുറിച്ച് ഒരു കത്തയക്കുവാൻ പോവുകയാണ്.

ശ്രീ. സി. എ. കുര്യൻ: വില സൂചികയുടെ അടിസ്ഥാനത്തിൽ ഡി. എ. സിസ്റ്റം ഏർപ്പെടുത്തുവാൻ വേണ്ട നിർദ്ദേശം കൊടുക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതിനെക്കുറിച്ച് ആലോചിച്ച് ഒരു തീരുമാനം എടുത്തതിനുശേഷം മാത്രമേ പറയാൻ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള: സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടുള്ളവരിൽ പലരും ഇന്നു ചവറയിലേയും മറ്റും ഫാക്ടറികളിൽ പണിയെടുക്കുന്നുണ്ട്. അവർക്ക് പെൻഷനും നൽകുന്നുണ്ട്. അവർക്ക് ഈ ഫാക്ടറിയിൽ ഡി. എ. വർദ്ധിപ്പിച്ചതുമൂലം അവരുടെ വരുമാനവും വർദ്ധിച്ചിട്ടുണ്ട് എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഈ തുക ആലപ്പുഴയിലേയും കൊല്ലത്തേയും തൊഴിലാളികളിൽനിന്നും തിരിച്ചു പിടിക്കുവാൻ തുടങ്ങിയിരിക്കുകയാണ്. അതുകൊണ്ട് അത് തിരിച്ചു പിടിക്കാതിരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അങ്ങനെ ചില കേസ്സുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിൽ സ്വാതന്ത്ര്യസമര ടേൻമാർക്ക് അനുകൂലമായി എന്തു ചെയ്യാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. എ. റഹീം: കേന്ദ്ര ഗവൺമെന്റിൽനിന്നും സ്വാതന്ത്ര്യ സമരടേൻമാർക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ പെട്ടെന്നു നിറുത്തലാക്കുകയും മടക്കി അയയ്ക്കുകയും ചെയ്തിട്ടുള്ള പല കേസ്സുകളുമുണ്ട്. അത്തരം കേസ്സുകളിൽ ശുപാർശ ചെയ്യുവാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അങ്ങനെയുള്ള കുറേയധികം കേസ്സുകളുണ്ട്. ഓരോന്നും വീണ്ടും ലഭ്യമാക്കുവാനുള്ള ശുപാർശ ചെയ്തുകൊണ്ടിരിക്കുകയാണ്. ചിലത് അവർ അംഗീകരിച്ചിട്ടുണ്ട്. ചിലത് അവർക്ക് തൃപ്തികരമല്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സംസ്ഥാന പെൻഷൻ കിട്ടുന്നവർക്ക് കേന്ദ്ര പെൻഷനുവേണ്ടി അപേക്ഷിക്കുവാൻ മതിയായ രേഖകൾ സംസ്ഥാന ഗവൺമെന്റിൽനിന്നും കിട്ടുന്നില്ല. വളരെ പഴക്കം ചെന്ന രേഖകളായതുകൊണ്ടും അവ സമയത്തു ലഭിക്കാത്തതുകൊണ്ടുമാണ് ഇവർക്ക് കേന്ദ്ര പെൻഷൻ ലഭിക്കാത്തത്. അതുകൊണ്ട് അവർക്കുകൂടി കേന്ദ്ര പെൻഷൻ കൊടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇതിനുമേൽ വളരെ ഉദാരമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തയാതന അനുഭവിക്കുന്നവരുണ്ടെന്നേ ഗവൺമെന്റിനു ഉത്തമ ബോധ്യമുണ്ട്. അവരുടെ കാര്യത്തിൽ വേണ്ട ശുപാർശ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. പി. ഗോപാലൻ: പെൻഷനു അർഹരായവരെ തിരഞ്ഞെടുക്കുന്നതിനു ജില്ലാ സമിതികളുണ്ടായിരുന്നു. എന്നാൽ അത് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ഇല്ലയോയെന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ജില്ലാ സമിതികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ഇല്ലയോയെന്നുള്ളതിനെക്കുറിച്ച് പറയുവാൻ നോട്ടീസ് വേണം.

ശ്രീ. എം. വി. രാഘവൻ: കൊല്ലത്തെ ശ്രീ. വിശ്വനാഥൻ പിള്ളയുടെ കാര്യം ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ് ഇന്ന് ഇവർക്ക് അനുവദിക്കുന്ന പെൻഷൻ 50 രൂപയാണ്. ഇതുകൊണ്ടും തുക അവർക്ക് യാതൊന്നിനുംതന്നെ തികയുന്നില്ല. ശ്രീ. വിശ്വനാഥൻ പിള്ള

LIBRARY ARCHIVES Kerala Legislative Assembly

വായനശാലയുടെ കേടോയിലാണ് താമസിക്കുന്നത്. അതുകൊണ്ട് ഈ സ്വാതന്ത്ര്യ ടെൻമാർക്ക് പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ കാര്യം പ്രത്യേകമായും എന്റെ അറിവിൽപെട്ടിട്ടുണ്ട്. അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. അദ്ദേഹം എം. എൽ. എ. ആയിരുന്നു. പക്ഷേ 5 വർഷം തികയാത്തതു കൊണ്ട് എം എൽ. എ. മാർക്ക് അനുവദിച്ചിട്ടുള്ള പെൻഷൻ കിട്ടുകയില്ല. അതിനു പരിഹാരമാർഗ്ഗം ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർക്കും അറിവുള്ളതാണ്. വിശ്വനാഥൻപിള്ളയുടെ കേസ് 1947-ന് മുൻപുള്ളതാണ്. അദ്ദേഹത്തിന്റെ കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ കളക്ടരോട് പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ കേസ് ഗവൺമെൻറ് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പി. എസ്. സി. മെമ്പറുടെ ഒഴിവ്

* 647 [704] ശ്രീ. വക്കം പുരുഷോത്തമൻ:

,, സേവ്യർ അറയ്ക്കൽ:

,, എ. എ. റഹീം:

,, തുണ്ടത്തിൽ കഞ്ഞുകൃഷ്ണപിള്ള:

,, പി. ജെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി: മെമ്പറുടെ ഏതെങ്കിലും ഒഴിവ് ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിലേക്കുള്ള നിയമനം എന്നാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(സി) ഏറ്റവും ഒടുവിലായി നിയമിക്കപ്പെട്ട പി. എസ്. സി. മെമ്പർ ആരാണ് ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ഇല്ല.
(ബി) ഉദിക്കുന്നില്ല.
(സി) കമ്മഡോർ എം. സി. സിറിയക്.

വനിതാ ജീവനക്കാർക്ക് പ്രത്യേക സേവനാനുകൂല്യങ്ങൾ വേണമെന്ന സർവ്വീസ് സംഘടനയുടെ ആവശ്യം

*648 [705] ശ്രീ. സി. വാസുദേവ മേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ വനിതാജീവനക്കാർക്ക് പ്രത്യേക സേവനാനുകൂല്യങ്ങൾ വേണമെന്ന ആവശ്യം ഏതെങ്കിലും സർവ്വീസ് സംഘടന ഉന്നയിച്ചിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly